പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5741      02.07.2014 -ലെ മറുപടിക്ക്.

## സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ ; | എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും, മറ്റു പാവപ്പെട്ടവരും അർഹരായവരുമായ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുക വഴി ചികിത്സയ്ക്കായുള്ള വ്യക്തിഗത ചിലവ് കുറയ്ക്കുക എന്നതാണ് ആർ.എസ്.ബി.വൈ-ചിസ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) ആർക്കെല്ലാമാണ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കേന്ദ്ര-സംസ്ഥാന സർക്കാർ നിശ്ചയിച്ച 60 വിഭാഗങ്ങൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. അർഹരായ വിഭാഗങ്ങളുടെ വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | സി) പദ്ധതിയിൽ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന വിഭാഗത്തിൽ വരുന്ന കുടുംബങ്ങൾക്കുള്ള പ്രീമിയത്തിന്റെ 75 ശതമാനം കേന്ദ്ര സർക്കാർ ധനസഹായമായി ലഭിക്കും. ഈ കുടുംബങ്ങൾക്കുള്ള ബാക്കി 25 ശതമാനവും, ചിസ് വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളുടെ മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചിലവാക്കുന്നത്. |
| (ഡി) ഈ പദ്ധതിയിൻകീഴിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങളെ അംഗങ്ങളാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) അംഗങ്ങളായ കുടുംബങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു. |

| നം. | വർഷം | അംഗങ്ങളായ കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2011-12 | 28.01 ലക്ഷം |
| 2 | 2012-13 | 28.27 ലക്ഷം |
| 3 | 2013-14 | 29.54 ലക്ഷം |
| 4 | 2014-15 | 31.5ലക്ഷം (24.06.2014 വരെ) |

സെക്ഷൻ ഓഫീസർ

അനുബന്ധം    u5-5741

**സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി അംഗത്വത്തിന് അർഹരായ വിഭാഗങ്ങൾ**

| ക്രമ നം. | **അർഹരായ വിഭാഗം** |
|---|---|
| 1 | വഴിയോര കച്ചവടക്കാർ (Street Vendors) |
| 2 | വീട്ടുവേലക്കാർ (Domestic Workers) |
| 3 | ബീഡി തൊഴിലാളികൾ |
| 4 | ആക്രി / പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ |
| 5 | ശുചീകരണ തൊഴിലാളികൾ |
| 6 | പാറമടത്തൊഴിലാളികൾ |
| 7 | റിക്ഷ വലിക്കുന്നവർ |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ MGNREGS |
| 9 | പട്ടികവർഗ്ഗം |
| 10 | പട്ടികജാതി |
| 11 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 12 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 13 | മറ്റു മത്സ്യ തൊഴിലാളികൾ |
| 14 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും **പെൻഷൻ** വാങ്ങുന്നവർ |
| 15 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 16 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 17 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 18 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 19 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 20 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 21 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 22 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 23 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 24 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 25 | ഈറ്റ-പനമ്പ്-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 26 | ഈറ്റ-പനമ്പ്-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 27 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 28 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 29 | അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 30 | അലക്ക് തൊഴിലാളി ക്ഷമപദ്ധതിയിലെ പെൻഷൻകാർ |
| 31 | ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 32 | ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ |
| 33 | കൈത്തൊഴിലാളി/വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 34 | കൈത്തൊഴിലാളി/വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ |
| 35 | 2008 -ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ |
| 36 | ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 37 | കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 38 | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 39 | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 40 | ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 41 | കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ |

LS-5741

| | |
|---|---|
| | അംഗങ്ങൾ |
| 42 | കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 43 | ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയം തൊഴിൽ ചെയ്യുന്നവർ |
| 44 | കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ |
| 45 | കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ |
| 46 | ടാക്സി ഡ്രൈവർമാർ |
| 47 | വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ |
| 48 | ആശ്രയ കുടുംബങ്ങൾ |
| 49 | അംഗനവാടി വർക്കേഴ്സ്/ ഹെൽപ്പേഴ്സ് |
| 50 | എൻഡോസൾഫാൻ ദുരന്ത ബാധിതർ |
| 51 | ആശ വർക്കേഴ്സ് |
| 52 | കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ |
| 53 | വിധവ പെൻഷൻ ലഭിക്കുന്നവർ |
| 54 | മറ്റു സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ |
| 55 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ |
| 56 | അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ |
| 57 | റെയിൽവേ പോർട്ടർമാർ (LCP) |
| 58 | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ |
| 59 | 600 രൂപയോ അതിൽ താഴെയോ റേഷൻകാർഡിൽ മാസവരുമാനം രേഖപ്പെടുത്തിയവർ |
| 60 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ |

Deepa
സെക്ഷൻ ഓഫീസർ